Talented Bankers Literary Panel
പുസ്തക പരിചയം 231

പുസ്തകം പരിചയപ്പെടുത്തുന്നത്,
വിനു വിജയൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RBO, കൊട്ടാരക്കര.

ദ്രൗപദി
നോവലിസ്റ്റ് : പ്രതിഭ റായ്
(2011 ലെ ജ്ഞാന പീഠ സമ്മാനിത)

മഹാഭാരത കാവ്യം ഒരു പക്ഷേ ദ്രൗപദി എന്ന അച്ചുതണ്ടിൽ ആണ് കറങ്ങുന്നത് എന്ന് പറയാം. ദ്രൗപദിയുടെ പ്രതിജ്ഞയാവാം യുദ്ധത്തിൽ അവസാനിക്കുന്ന കഥയുടെ നിദാനം. ദ്രൗപദിയെന്ന സ്ത്രീ രത്നത്തെ മറ്റൊരു വീക്ഷണ കോണിൽ കാണുകയാണ് നോവലിസ്റ്റ്.

യെജ്ഞാഗ്നിയിൽ നിന്നു ഉയിർ കൊണ്ട യാജ്ഞസേനി.. ഉയിർ കൊണ്ടപ്പോൾ തന്നെ ധർമ്മസംസ്ഥാപനത്തിനായി കടം കൊണ്ടവൾ..

കൃഷ്ണൻ എന്ന മോഹവലയത്തിൽ പെട്ടു പോകുന്ന ദ്രൗപദിയെ അർജുനൻ എന്ന വീരനിൽ ധർമത്തിന്റെ കണക്കുകൾ പിഴക്കാനാവില്ലാത്തതു കൊണ്ടു തന്നെ കൃഷ്ണൻ കൊണ്ടു ചെന്നെത്തിക്കുന്നു.

ഭിക്ഷു വേഷത്തിൽ വന്നു അർജുനൻ സ്വയംവരം ചെയ്യുമ്പോളും കർണ്ണന് ഏൽക്കേണ്ടി വന്ന കൊടിയ അപമാനത്തിൽ ഉള്ളു പൊള്ളുന്ന ദ്രൗപദി.. കിട്ടിയ ഭിക്ഷ അഞ്ചായിട്ട് വീതിച്ചെടുക്കാൻ പറയുന്ന അമ്മയുടെ വാക്കുകൾ അലംഘനീയം ആണെന്ന ധർമപുത്രരുടെ ധർമ്മ സങ്കടത്തെ എതിരിടുന്ന ദ്രൗപദി, പക്ഷേ തന്നെ സ്വയംവരം ചെയ്തു കൊണ്ടു വന്ന അർജുനന്റെ നിസ്സംഗതയിൽ പൊള്ളിപ്പോകുന്നു. കൃഷ്ണന്റെ വാക്ചാതുരിയിൽ ധർമ്മം നില നിൽക്കുന്നതിനു വേണ്ടി അഞ്ചാളുടെ പത്നിയാവേണ്ടി വരുന്ന ദ്രൗപദി അക്കാരണത്താൽ തന്നെ അപമാനിക്കപ്പെടാത്ത വേദികളില്ല..
അർജുനനോടുള്ള സ്നേഹം തിരിച്ചു കിട്ടാത്തതാണെന്നു മനസിലാക്കുമ്പോളും അർജുനന്റെ സമീപ്യത്തിനു കൊതിച്ചു നിരാശയാകേണ്ടി വരുന്ന ദ്രൗപദി..
ചൂതു കളിയിൽ താൻ പണയ വസ്തുവാണെന്നു അറിയുമ്പോൾ തകർന്നു പോകുന്ന ദ്രൗപദി താൻ അന്നോളം നേടിയ അറിവ് മുഴുവൻ വച്ചു ആ മഹാസഭയെ ചോദ്യ ശരങ്ങളിൽ മുക്കുമ്പോളും, നിസ്സംഗരായിരിക്കുന്ന ഭർത്താക്കന്മാരെ കോപത്തോടെ നോക്കുന്ന ദ്രൗപദി.. സുദർശന ചക്രം തട്ടി മുറിവേറ്റ കണ്ണന്റെ വിരലുകൾ വിവാഹസാരി മുറിച്ചു ചോര തുടച്ചു കെട്ടിയതിന്റെ നന്ദിയെന്നോണം തന്റെ വസ്ത്രങ്ങൾ അഴിച്ചു മാറ്റാൻ

ശ്രമിക്കുന്ന ദുശാസനനെ തളർത്തിക്കൊണ്ട് വസ്ത്രങ്ങൾ യാജ്ഞസേനിയെ പൊതിഞ്ഞു കൊണ്ടേയിരുന്നു.. ആ വേദിയിൽ അഴിഞ്ഞ പോയ മുടി ഇനി ദുശാസനന്റെ മരണത്തിനു ശേഷം മാത്രമേ കെട്ടുകയുള്ളൂ എന്ന പ്രതിജ്ഞ..
പുരുഷധിപത്യം നിറഞ്ഞ സമൂഹത്തിൽ സ്ത്രീ ചിന്തകൾക്കും സ്വാതന്ത്ര്യങ്ങൾക്കും സ്ഥാനമായില്ലാതാകുന്നു എന്ന തോന്നൽ ദ്രൗപദിയെ പിന്നോട്ട് വലിച്ചു കൊണ്ടിരുന്നു...
കർണ്ണന്റെ ജന്മ രഹസ്യം അറിയുന്ന ദ്രൗപദി, കർണ്ണൻ തനിക്കു നേരെ അപമാനത്തിന്റെ കൂരമ്പുകൾ പെയ്യുമ്പോളും ക്ഷമയോടെ നിൽക്കുന്നു..

കൃഷ്ണന് കൃഷ്ണ (ദ്രൗപദി ) എഴുതുന്ന കത്തായിട്ടാണ് കഥ പറയുന്നത്.. സ്വർഗത്തിലേക്കുള്ള വഴിയിൽ അത് വരെ താൻ ആർക്കു വേണ്ടി തന്റെ സ്വാതന്ത്ര്യം, അഭിപ്രായം, കോപം, നിസ്സഹായത ഒക്കെ മുനി സമാനം അടക്കിയോ അതേ ഭർത്താക്കന്മാർ തന്നെ ഉപേക്ഷിച്ചു മുന്നോട്ടു പോകുന്നത് തളർന്നു കിടക്കുന്ന കൃഷ്ണ കാണുന്നു. ശബരന്റെ ശരമേറ്റ് നീറിയ പ്രിയ സുഹൃത്ത് കൃഷ്ണനെ മനസ്സിൽ നിറച്ചു കൃഷ്ണ തളർന്നു കിടന്നു..
നോവലിസ്റ്റിന്റെ വാക്കുകളിൽ പറഞ്ഞാൽ ദ്രൗപദി എന്ന കഥാപാത്രം ആയിരം വർഷം പഴക്കമുള്ളതല്ല. അതിനേക്കാൾ പഴക്കമുള്ളതാണ്.. അതേ സമയം ഇന്നത്തെ ഏതു യുവ മനസ്സിനെക്കാളും യുവത്വം നിറഞ്ഞതാണ്.. ഈ ദ്രൗപദിക്കു കാലാതീതം ആയ ആയുർ ദൈർഘ്യമുണ്ട്.

പ്രസാധകർ : ഡിസി ബുക്സ്
താളുകളുടെ എണ്ണം :336
വില : 330/-